# മുസ്ലിംഫെമിനിസം: വ്യത്യസ്തതയുടെ സ്ത്രീവാദം

**ഡോ. ഷെറിൻ ബി.എസ്**
അസിസ്റ്റന്റ് പ്രൊഫസര്, താരതമ്യസാഹിത്യവിഭാഗം, ഇഫ്ളു, ഹൈദരാബാദ്

സ്ത്രീവാദം എല്ലാവർക്കും: വൈകാരികതയുടെ രാഷ്ട്രീയം എന്ന പുസ്തകത്തിൽ ബെൽ ഹുക്ക്സ് രണ്ടു തരം സ്ത്രീവാദസംവാദങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ട്. സ്ത്രീവാദത്തെ ഒരു പരിഷ്കരണമായി കാണുന്ന ഫെമിനിസ്റ്റുകളാണ് ആദ്യത്തെ കൂട്ടർ. പുരുഷമേധാവിത്വത്തെ ചോദ്യം ചെയ്യുകയും സ്വന്തം ജീവിതരീതികളെ നിയന്ത്രിക്കാനുള്ള അവകാശത്തിനായി പോരാടുകയും ചെയ്യുന്നതാണ് ഇക്കൂട്ടരുടെ രീതി. നിലവിലുള്ള വ്യവസ്ഥിതിയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ച് സ്വന്തം സ്വാതന്ത്ര്യത്തിന്റെ അതിരുകൾ വിശാലമാക്കുന്നവരാണിവർ. ഈ സ്വാതന്ത്ര്യം പലപ്പോഴും അവരുടെ താഴെയുള്ള ഒരു വിഭാഗം സ്ത്രീകൾ അവർക്കായി പണിയെടുക്കാനും അവരുടെ ജീവിതം കൂടുതൽ സുഗമമാക്കാനും ഉള്ളപ്പോഴാണ് സാധ്യമാകുന്നത്. പുരുഷമേധാവിത്വത്തോടൊപ്പം മുതലാളിത്തവും കൈകോർക്കുന്ന ഈ ചൂഷണവ്യവസ്ഥിതിയിൽ ഈ പരിഷ്കരണവാദികൾ ഒരു ഇരട്ടജീവിതം നേടിയെടുക്കുന്നു. പുരുഷനൊപ്പം തൊഴിൽമേഖലയിൽ തുല്യസാധ്യതകളും ചിലപ്പോഴൊക്കെ വീടുകളിൽ പുരുഷനാൽ അനുവദിക്കപ്പെട്ട സ്വാതന്ത്ര്യപരിധികളുമാണ് ഈ ദ്വന്ദ്വജീവിതത്തിന്റെ കാതൽ. മറിച്ച് ഒരു ലെസ്ബിയൻ ജീവിതരീതി തിരഞ്ഞെടുക്കുമെങ്കിൽ തങ്ങളുടെ വർഗമേധാവിത്വം അനുവദിക്കുന്ന ഒരു ഉന്നതജീവിതശൈലിയാണ് ഈ ഫെമിനിസത്തിന്റെ പ്രത്യേകത. ഇതിൽ നിന്നും വിഭിന്നമായി ഒരു വിപ്ലവാത്മക ഫെമിനിസം ബെൽ ഹുക്ക്സ് മാതൃകയായി വെയ്ക്കുന്നു. ഇതിനെ അവർ ദീർഘവീക്ഷണപരമായ സ്ത്രീവാദം എന്ന് നിർവചിക്കുന്നു. പുരുഷന് തുല്യമാകുന്നതിലുപരിയായി സ്ത്രീകളുടെയും അതോടൊപ്പം സമൂഹത്തിന്റെയും

ഘടനാപരമായ മാറ്റത്തിനായി ശ്രമിക്കുന്ന ഒരു ദാർശനികതയാണിത്. സമൂഹത്തിലെ മുന്നാക്കവിഭാഗങ്ങളെമാത്രം പിന്തുണയ്ക്കാതെ സമൂഹത്തിലെ അസമത്വങ്ങളെ അഭിസംബോധനചെയ്ത് ഘടനാപരമായ മാറ്റംമാത്രമാണ് സ്ത്രീയുടെ ജീവിതത്തെ മറ്റൊരുനിലയിലേക്ക് നയിക്കുന്നതെന്ന് തിരിച്ചറിയുന്ന ഫെമിനിസമാണിത്. വ്യവസ്ഥിതിയെ മാറ്റുന്നതാണ് ഈ ഫെമിനിസത്തിന്റെ പ്രത്യേകത (ബെൽ ഹുക്ക്സ്, 41).

മുസ്ലിം ഫെമിനിസത്തെക്കുറിച്ചുള്ള ഒരു സ്ത്രീവാദസംവാദത്തിൽ സാർവത്രികമായ അവകാശവാദങ്ങളേക്കാൾ ചരിത്രപരവും ദേശപരവുമായ വിഭിന്നതകളിൽ ഊന്നിയുള്ള സംവാദങ്ങൾക്കായിരിക്കും പ്രാധാന്യം. ഇന്ത്യയിലെ മുസ്ലിംസ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇസ്ലാം എന്ന സ്വത്വത്തിലൂന്നിയുള്ള ആഗോളവ്യവഹാരങ്ങളെയും അതുപോലെ ഇന്ത്യൻ ദേശീയതയുടെ അപരത്വമായി നിർമിച്ചിട്ടുള്ള മുസ്ലിംവ്യക്തിത്വത്തെയും പരിഗണിക്കാതെ അവകാശങ്ങളെകുറിച്ച് ഒരു സംവാദം സാധ്യമല്ല. 9/11 സംഭവത്തിനു ശേഷം ലോകമെമ്പാടും ഉയർന്നുവന്നിട്ടുള്ള ഇസ്ലാമോഫോബിയയുടെ അരികുപറ്റി മുസ്ലിംസ്ത്രീയെ ഇരയായും അപരിഷ്കൃതയായും വരച്ചുകാട്ടുന്ന ഒരു പ്രവണത വളരെ അധികമുണ്ട്. അതേസമയം ചരിത്രപരമായി ഒരു ക്രിസ്ത്യൻ മൂല്യവ്യവസ്ഥിതിയിൽ അതിന്റെ അപരമായിട്ടുള്ള മുസ്ലിംസ്വത്വവും നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. ഇത്തരം വ്യത്യസ്ത അളവുകോലുകളിൽ നിന്നുകൊണ്ടല്ലാതെ സ്ത്രീവാദത്തിന്റെ സാർവത്രികമാനങ്ങളെ മാത്രം പരിഗണിച്ച് മുസ്ലിംസ്ത്രീസ്വത്വത്തെ കുറിച്ച് സംസാരിക്കുന്നവർ രാഷ്ട്രീയപരമായും ചരിത്രപരമായും പൊരുത്തപ്പെടാത്ത വാദമുഖത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ഇസ്ലാമിലെ സ്ത്രീ; ഇരയുടെ വർത്തമാനം മുസ്ലിംസ്ത്രീയെ ഇരയായി വരച്ചുകാട്ടാൻ വ്യഗ്രതപൂണ്ടുള്ള പാശ്ചാത്യസാമ്രാജ്യത്വവ്യവഹാരങ്ങൾ വളരെയധികം ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലായാലും ഈജിപ്റ്റിലെയോ പാക്കിസ്ഥാനിലെയോ സ്ത്രീകളെക്കുറിച്ചായാലും ഒരു അപരിഷ്കൃതസമുദായത്തിന്റെ ഇരകളാണ് മുസ്ലിംസ്ത്രീകൾ എന്നു വരച്ചുകാട്ടാൻ തിടുക്കംകൂട്ടുന്ന മാധ്യമവ്യവഹാരങ്ങളുടെ ഇടയിലാണ് നമ്മൾ ജീവിക്കുന്നത്. ഇത്തരം വ്യവഹാരങ്ങളുടെ സാമ്രാജ്യത്വലക്ഷ്യങ്ങളെക്കുറിച്ചും ഏറെ ചർച്ചകൾ നടന്നിട്ടുണ്ട്. ലൈല അബു ലുഗോദിന്റെ മുസ്ലിംസ്ത്രീകൾ രക്ഷിക്കപ്പെടേണ്ടതുണ്ടോ? എന്ന പുസ്തകം ഇത്തരത്തിൽ ശ്രദ്ധയാകർഷിക്കുന്നു. അതേസമയം ചരിത്രപരമായി ഒരു കൊളോണിയൽ നോട്ടത്തിനു പാത്രമാകുന്ന മുസ്ലിംസ്ത്രീസ്വത്വങ്ങളെപ്പറ്റി വളരെ മുമ്പുതന്നെ നരവംശശാസ്ത്രജ്ഞർ എഴുതിയിട്ടുണ്ട്.

പർദ്ദയെ വിചിത്രവേഷമായി കരുതി അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന മുസ്ലിംസ്ത്രീശരീരത്തെ തങ്ങളുടെ ദൃഷ്ടിപഥത്തിലെത്തിക്കാൻ കൊളൊണിയൽ അധികാരങ്ങൾ നടത്തിയിട്ടുള്ള ശ്രമങ്ങളെ കുറിച്ച് വളരെ കൃത്യമായ പഠനങ്ങൾനടന്നിട്ടുണ്ട്. മാലിക് അല്ലൗല തന്റെ കൊളോണിയൽ ഹരെം എന്ന പുസ്തകത്തിൽ ഇത്തരമൊരു കൊളോണിയൽ നോട്ടം അൾജീരിയൻ സ്ത്രീകളുടെ ചിത്രങ്ങൾ ഫ്രഞ്ച് പോസ്റ്റുകാർഡുകളിൽ കൊളോണിയൽ, ഓറിയന്റലിസ്റ്റ് പരിപ്രേക്ഷ്യത്തിൽ വരച്ചുകാട്ടുന്നതായി വിവരിക്കുന്നുണ്ട്. പ്രതിനിധാനത്തിന്റെ രാഷ്ട്രീയമാണ് ഇവിടെ വിവക്ഷിക്കുന്നത്. നവസാമ്രാജ്യത്വശക്തികൾ ഇത്തരമൊരു നോട്ടത്തിനേക്കാൾ മുസ്ലിംഅപരനിർമാണത്തിനായാണ് മുസ്ലിംസ്ത്രീയുടെ ചിത്രങ്ങൾ ഉപയോഗിക്കുന്നത്. അഫ്ഗാനിസ്ഥാൻ, ഇറാഖ്, സിറിയ, മധ്യപൂർവേഷ്യ എന്നിവിടങ്ങളിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുമ്പോൾ അടിച്ചമർത്തപ്പെട്ട മുസ്ലിംസ്ത്രീബിംബം മുഖ്യധാരാമാധ്യമങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇവിടെ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്നത് ഈ മേഖലയിലെ പ്രശ്നങ്ങളുടെ തുടക്കം പാശ്ചാത്യസാമ്രാജ്യത്വ കടന്നുകയറ്റങ്ങളാണെന്നുള്ളതാണ്. രാജ്യത്തിന്റെ പരമാധികാരങ്ങളെ വെല്ലുവിളിച്ചുകൊണ്ട് വളരെ ലളിതവത്കരിക്കപ്പെട്ടതും സാർവത്രികമാക്കിയതുമായ ചില സ്ത്രീപക്ഷവാദങ്ങളെ ഇക്കൂട്ടർ കൂട്ടുപിടിക്കാറുണ്ട്.

## ഇന്ത്യയിലെ മുസ്ലിം സ്ത്രീ: ചരിത്രം, വർത്തമാനം

ഇന്ത്യൻദേശീയത നിർമിക്കപ്പെട്ടിട്ടുള്ളത് ഹിന്ദുദേശീയതയുടെ അരികു പിടിച്ചാണ്. ദേശനിർമാണത്തിന്റെ വിഭിന്നഘട്ടങ്ങളിൽ ഉത്തമ ഇന്ത്യൻസ്ത്രീയെ വാർത്തിരിക്കുന്നത് ഉന്നതകുലജാതയായ ഹിന്ദുസ്ത്രീയെ മാതൃകയാക്കിയാണെന്ന് പാർത്ഥ ചാറ്റർജി ഉൾപ്പെടെയുള്ളവരുടെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഭാരതമാതാവ് എന്ന സങ്കല്പം ദേശത്തിന്റെ അതിരും വ്യാപ്തിയും നിർണയിക്കുന്നതിനൊപ്പം അതിന്റെ സാംസ്കാരിക പരിച്ഛേദങ്ങളും വരച്ചിടുന്നുണ്ട്. സവർണഹിന്ദുസ്ത്രീയിൽ ഭാരതത്തിന്റെ മാതാവ് എന്ന സങ്കല്പം കൊണ്ടെത്തിക്കുമ്പോൾ ഈ ബിംബത്തിന് പുറത്തുനില്ക്കുന്ന ദളിത്, മുസ്ലിം സ്ത്രീസ്വത്വങ്ങൾ അപരവത്കരിക്കപ്പെടുന്നു. ഈ ദേശീയതയുടെ അതിരുകൾക്കപ്പുറം നില്ക്കുന്ന സ്ത്രീകളെ വിഭാവനം ചെയ്യാനോ അവരുടെ അവകാശങ്ങളെക്കുറിച്ചു സംവദിക്കാനോ ഒരു രക്ഷകർതൃമനോഭാവത്തിനപ്പുറം ഇന്ത്യയിലെ മുഖ്യധാരാ ഫെമിനിസത്തിന് സാധിച്ചിട്ടില്ല എന്നത് നിർഭാഗ്യകരമാണ്. ഫെമിനിസമെന്നത് വളരെ പക്ഷപാതപരവും അധികാരഘടനയാൽ

രേഖപ്പെടുത്തിയിട്ടുള്ളതുമായ ഒരു സംവാദമായി മാറുന്നത് ഇത്തരമൊരു അവസ്ഥയിലാണ്.

ദേശീയത എന്ന സങ്കല്പം സ്ത്രീസ്വത്വത്തെ പലതരത്തിൽ ബാധിക്കുന്നുണ്ട്. ഉദാഹരണത്തിന് 2013-ൽ ദൽഹിയിൽ നടന്ന ക്രൂരമായ ബലാത്സംഗത്തെ ചുറ്റിപ്പറ്റി ഉടലെടുത്ത സംവാദങ്ങൾ ശ്രദ്ധിക്കാം. ഒരുവശത്ത് അതിനികൃഷ്ടവും പൈശാചികവുമായി ആക്രമിക്കപ്പെട്ട പെൺകുട്ടിയുടെ സ്വത്വത്തോട് താദാത്മ്യം പ്രാപിക്കാനും അതിനെ അഭിസംബോധന ചെയ്യാനും വലിയൊരുകൂട്ടം മധ്യവർഗഫെമിനിസ്റ്റുകൾ മുന്നോട്ടുവന്നു. പക്ഷേ, നീതിക്കായുള്ള ഈ ഇന്ത്യൻസ്ത്രീയുടെ മുറവിളി തികഞ്ഞ മധ്യവർഗമൂല്യങ്ങളിൽ ചേർത്തുവായിക്കാനാണ് ഇവിടത്തെ മുഖ്യധാരാമാധ്യമങ്ങളും പൊതുസമൂഹവും ശ്രദ്ധിച്ചത്. ഇരയാക്കപ്പെട്ട ആ പെൺകുട്ടിയുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും ഒരു ഉത്തമ ഇന്ത്യൻ സ്ത്രീയുടേതെന്നു വരുത്തിത്തീർക്കുന്ന രീതിയിലുള്ള സംവാദങ്ങൾ വളരെയധികം ഉണ്ടായി. ഇത്തരമൊരു സംവാദത്തിന്റെ പക്ഷപാതപരമായ നിലപാട് കുറച്ചുനാളുകൾക്കുശേഷം ഉണ്ടായ ബദൗൻ ബലാത്സംഗത്തിനിരയായ പെൺകുട്ടികളോടുള്ള പൊതുസമൂഹത്തിന്റെ പ്രതികരണത്തിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഈ പക്ഷപാതത്തിന്റെ രണ്ടു മാനങ്ങൾ അരുന്ധതി റോയിയും കല്പന കണ്ണബീരാനും ചർച്ചചെയ്യുന്നു. ഖൈർലാഞ്ചിയിൽ തുടങ്ങി ബദൗനിലെത്തി നില്ക്കുന്ന, ദളിത്സ്ത്രീകൾക്കെതിരായ, നടക്കുന്ന ലൈംഗികാക്രമണങ്ങളെ നിർഭയകേസിലെ പ്രാധാന്യത്തോടെ പൊതുസമൂഹം കൈകാര്യം ചെയ്യാത്തത് കല്പന കണ്ണബീരാൻ ചൂണ്ടിക്കാട്ടുന്നു. നിർഭയകേസിലെ പൊതുപ്രതികരണം നമ്മുടെ ക്രിമിനലെന്ന സങ്കല്പത്തിലെ വിള്ളലുകളാണ് കാണിക്കുന്നതെന്ന് അരുന്ധതി റോയിയും വ്യക്തമാക്കുന്നു. മുസ്ലിങ്ങൾ, ദളിതുകൾ, ചേരിനിവാസികൾ, റിക്ഷ വലിക്കുന്നവർ, ബസ് ഡ്രൈവർ, ക്ലീനർ തുടങ്ങിയവരൊക്കെ ക്രിമിനലുകളാണെന്ന പൊതുസമൂഹത്തിന്റെ ധാരണയെ ശരിവയ്ക്കുന്നതിനാലാണ് നിർഭയകേസിൽ മധ്യവർഗം ഇടപെട്ടതെന്നാണ് അരുന്ധതി റോയിയുടെ വാദം. ഈ രണ്ടു വാദമുഖങ്ങളും ചെന്നെത്തുന്നത് ഇന്ത്യൻ മുഖ്യധാരയുടെ അപരമായി നിർമിച്ചിട്ടുള്ള സ്ത്രീസ്വത്വങ്ങളിലാണ്. അതിനാൽത്തന്നെ അവരുടെ അവകാശങ്ങൾ, ജീവിതങ്ങൾ, ലൈംഗികത തുടങ്ങിയവയിൽ പൊതുസമൂഹത്തിന്റെ ഇടപെടലുകൾ നിഷ്പക്ഷമല്ല. കശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ഭരണകൂടത്തിന്റെ പിന്തുണയോടെ പാർശ്വവത്കരിക്കപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെടുമ്പോൾ പ്രതികരണശേഷിയില്ലാത്ത മുഖ്യധാര നിർനിമേഷം നോക്കിനില്ക്കുന്നു. ഗുജറാത്ത്, മുസഫർനഗർ

തുടങ്ങി വിഭജനകാലഘട്ടത്തിൽ ഉൾപ്പെടെ സ്ത്രീകൾ, പ്രത്യേകിച്ചും മുസ്ലിംസ്ത്രീകൾ, വിധേയമാക്കപ്പെട്ട പീഡനപരമ്പരകൾ ഇന്ത്യൻ ഭരണകൂടത്തിന്റെ ധാർമികതയ്ക്കും നിഷ്പക്ഷതയ്ക്കും എതിരെ വലിയ ചോദ്യചിഹ്നങ്ങളാണ്. ഇത്തരമൊരു സമന്വയത്തിൽ മുസ്ലിംസ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചും മതത്തിനുള്ളിലെ അധികാരഘടനയെ കുറിച്ചും മുഖ്യധാര സംസാരിക്കുമ്പോൾ നിഷ്പക്ഷമായ ഇടപെടലായി അതിനെ കണക്കാക്കാനാകില്ല.

### മുസ്ലിംസ്ത്രീ: നിയമം, നീതി

മുസ്ലിംസ്ത്രീ എന്നത് വ്യക്തിനിയമങ്ങളിൽ അധിഷ്ഠിതമായി മാത്രം ചർച്ചചെയ്യപ്പെടുന്ന ഒരു അസ്തിത്വമായി ഇന്ത്യയിൽ മാറിയിട്ടുണ്ട്. ഷാബാനു കേസുമായി ബന്ധപ്പെട്ട് ഉടലെടുത്ത കോലാഹലങ്ങൾ ഇന്ത്യൻഫെമിനിസത്തെ സംബന്ധിച്ചിടത്തോളം മുസ്ലിംസ്ത്രീ ഒരു പ്രഹേളികയാണ് എന്ന തീർപ്പിൽ എത്തിച്ചേരാനാണ് നമ്മുടെ മുഖ്യധാര ഉപയോഗിച്ചിട്ടുള്ളത്. മുസ്ലിം വ്യക്തിനിയമബോർഡിന്റെയും ഭരണകൂടത്തിന്റെയും ഇടയിൽ നിരന്തരം പുനർവായിക്കപ്പെടുകയും അതേസമയം സാഹചര്യപ്പെടുത്തുക(contextualise) യും ചെയ്യുന്ന അവസ്ഥയിലാണ് ഇന്ത്യയിലെ മുസ്ലിംസ്ത്രീ. മുസ്ലിംസ്ത്രീയ്ക്ക് നീതിയെന്ന ഭരണകൂടഭാഷ്യം പലപ്പോഴും മുസ്ലിംസമുദായത്തെ പൊതുവായി അപരവത്കരിക്കാനുള്ള മാധ്യമമായി മാറുന്നു. അതേസമയം മതത്തിനുള്ളിൽ നടക്കുന്ന നിരന്തരമായ പരിഷ്കരണശ്രമങ്ങളെയും സ്ത്രീശബ്ദങ്ങളെയും വ്യക്തിനിയമബോർഡ് എന്ന ഏകമുഖമായ പരിഷ്കരണമാധ്യമത്തിലൂടെ അപനിർമിക്കുകയും ചെയ്യുന്നു. വിഭിന്നങ്ങളായ രീതികളും വ്യവഹാരങ്ങളും അടിസ്ഥാനമാക്കി രൂപപ്പെടുത്തിയിട്ടുള്ള മുസ്ലിംസ്ത്രീയുടെ സ്വത്വം പലപ്പോഴും ഏകശിലാരൂപത്തിലേക്ക് ഒതുക്കുന്നതാണ് നടന്നുവരുന്ന ചർച്ചകൾ. ഇന്ത്യൻ നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ട് മുസ്ലിംസ്ത്രീ നടത്തിയിട്ടുള്ള വ്യവഹാരങ്ങൾ വ്യക്തിനിയമത്തിന്റെ അതിരുകൾക്കുള്ളിൽ ഒതുങ്ങുന്നതല്ല. സ്പെഷ്യൽ മാര്യേജ് ആക്ട്, ഡൊമസ്റ്റിക് വയലൻസ് ആക്ട്, പ്രൊട്ടക്ഷൻ ഓഫ് മുസ്ലിം വിമൻ അറ്റ് ഡൈവോഴ്സ് ആക്ട് തുടങ്ങിയവയുടെയെല്ലാം സാധ്യതകൾ അതതു കാലത്തിനും ദേശത്തിനും സന്ദർഭത്തിനുമനുസരിച്ച് മുസ്ലിംസ്ത്രീ ഉപയോഗിച്ചിട്ടുണ്ട്. അടുത്തിടെയായി ഉയർന്നുവന്ന മുത്തലാഖ് വിവാദത്തിലും ഇതാണ് പ്രകടമാകുന്നത്. മുത്തലാഖിനെതിരെ ഉയർന്നുകേട്ട ശബ്ദങ്ങളിൽ പലതും മുസ്ലിംസ്ത്രീയുടെ നന്മയേക്കാൾ മുസ്ലിംസ്വത്വത്തെ അപരവത്കരിക്കുന്നതിൽ അധിഷ്ഠിതമായിട്ടുള്ളതായിരുന്നു. അതേസമയം മുസ്ലിംസ്ത്രീ എന്ന അടയാളപ്പെടുത്തൽ

ഈയൊരു വ്യവഹാരത്തിന്റെ പരിധിയ്ക്കുള്ളിൽമാത്രം കാണുന്ന ചിലമുഖ്യധാരാഫെമിനിസ്റ്റുകളുമുണ്ട്. രക്ഷകർതൃത്വപരമായ ഇടപെടലുകൾ പ്രതിരോധിക്കേണ്ടപ്പോൾത്തന്നെ മുസ്ലിംസ്ത്രീ എന്ന സ്വത്വം അവകാശപ്പെടുന്നവർ മുസ്ലിം എന്ന സ്വത്വവുമായി തങ്ങൾക്കുള്ള നിലപാട് വ്യക്തമാക്കേണ്ടതുമുണ്ട്. ഇന്ത്യയിലെ മുസ്ലിംസമൂഹം നിലകൊള്ളുന്ന പശ്ചാത്തലപരമായ യാഥാർത്ഥ്യം അഭിസംബോധന ചെയ്യാതെ സ്ത്രീ എന്ന ഘടനാപരമായ സ്വത്വത്തെമാത്രം കണക്കിലെടുത്ത് നീതിക്കായി ശബ്ദമുയർത്താനാകില്ല. ഈ രണ്ടു സ്വത്വങ്ങളെയും തുല്യമായി പരിഗണിച്ചുകൊണ്ട് നീതി, നിയമം തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്താൻ മുഖ്യധാരാ ഫെമിനിസത്തിന് കഴിഞ്ഞിട്ടില്ല. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന മുത്തലാഖ് കേസിന്റെ വിധി എന്തായിരുന്നാലും ഈയൊരു ചരിത്രനിമിഷത്തിൽ മുസ്ലിംസമുദായത്തെ അടയാളപ്പെടുത്താൻ, പ്രതിരോധത്തിലാക്കാൻ ഈ വിവാദത്തിനും അതിലൂടെ അതിന് ഇറങ്ങിത്തിരിച്ചവർക്കും കഴിഞ്ഞിട്ടുണ്ട്.

നിയമനിർമാണത്തിൽമാത്രം ഒതുങ്ങുന്നതല്ല സ്ത്രീയുടെ അവകാശസംരക്ഷണം. എത്ര കടുത്ത നിയമമുണ്ടെങ്കിലും അതു പ്രാവർത്തികമാക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും സാധ്യമാകണമെന്നില്ല. സച്ചാർ കമ്മിറ്റിയുടെ ശുപാർശകൾ ശ്രദ്ധിച്ചാൽ മുസ്ലിംസമുദായത്തിന്റെ പിന്നാക്കാവസ്ഥ വിദ്യാഭ്യാസം, തൊഴിൽ, ജീവിതസാഹചര്യങ്ങൾ തുടങ്ങിയവയിൽ ഊന്നിയിട്ടുള്ളതാണെന്നു മനസ്സിലാകും. അതുകൊണ്ടുതന്നെ മുസ്ലിംസ്ത്രീയുടെ അനിവാര്യതകളും നിയമനിർമാണത്തിലപ്പുറം ശാക്തീകരണമാണ് ആവശ്യപ്പെടുന്നത്. സ്വാതന്ത്ര്യത്തിനുശേഷം വർഷങ്ങൾ പിന്നിട്ടിട്ടും ഇത്തരം മേഖലകളിലേക്കു ശ്രദ്ധപതിപ്പിക്കാൻ ഭരണകൂടത്തിനു കഴിഞ്ഞിട്ടില്ല. അതിലേയ്ക്കു വിരൽചൂണ്ടുന്ന ഗഹനമായ പഠനങ്ങളുടെ അഭാവവുമുണ്ട്. നിയമനിർമാണമല്ല, നിയമനടപടിയുടെ ലഭ്യത, സൗകര്യം, സുതാര്യത തുടങ്ങിയവയാണ് നീതിനിർവഹണത്തിന് അനിവാര്യം. ഭരണകൂടത്തിന്റെ ഉപകരണങ്ങളായ പൊലീസ്, നീതിപീഠം തുടങ്ങിയവ മുസ്ലിം എന്ന സ്വത്വത്തോട് വളരെ പക്ഷപാതപരമായി നിലപാടുകളെടുക്കുന്നത് നിരന്തരം നമ്മൾ കണ്ടിട്ടുണ്ട്. ഇത്തരമൊരു അവസ്ഥയിൽ മുസ്ലിംസ്ത്രീക്ക് നിയമം നിർമിച്ചു നല്കുകയല്ല, മറിച്ച് നിയമസംവിധാനത്തിൽ പ്രതിനിധാനവും നിയമത്തിന്റെ ലഭ്യതയുമാണ് വേണ്ടത്.

### വ്യത്യസ്തതയുടെ രാഷ്ട്രീയം

ദളിത്ഫെമിനിസം ഇന്ത്യൻ മുഖ്യധാരാഫെമിനിസവുമായി നടത്തിയ ഇടപെടലുകളിൽ വ്യത്യസ്തതയുടെ രാഷ്ട്രീയത്തിന് വളരെയധികം

പ്രാധാന്യമുണ്ട്. ഗോപാൽ ഗുരു, ശർമിള റെഗെ തുടങ്ങിയവർ ഉയർത്തിക്കാട്ടുന്ന ഈ മാതൃകയിൽ വ്യത്യസ്തസാഹചര്യങ്ങളിൽ ജീവിക്കുന്ന ദളിത്സ്ത്രീകളെ അവകാശം, പോരാട്ടം തുടങ്ങിയ പദങ്ങളുപയോഗിച്ച് സാർവദേശീയ ഫെമിനിസ്റ്റ് സാഹോദര്യത്തിന്റെ ഘടകങ്ങളായി ചേർത്തുകെട്ടുന്നതിലെ അഭംഗി ചൂണ്ടിക്കാട്ടുന്നു. ദളിത്, സ്ത്രീ എന്നീ രണ്ട് സ്വത്വകേന്ദ്രങ്ങളിൽ നിന്ന് ഒന്നുപോലെ ഊർജ്ജമുൾക്കൊള്ളുന്ന ദളിത്സ്ത്രീ, പുരുഷാധിപത്യത്തിനെതിരെ എന്നതുപോലെ ജാതിവ്യവസ്ഥയ്ക്കെതിരെയും പോരാടുന്നുണ്ട്. തങ്ങളുടെ സവർണാധികാരങ്ങൾ തിരിച്ചറിയാതെ സവർണഫെമിനിസത്തിന് ഒരിക്കലും ദളിത്സ്ത്രീയുടെ യാഥാർത്ഥ്യം ഉൾക്കൊള്ളാനാകില്ല, കാരണം ഈ അധികാരങ്ങൾ പലപ്പോഴും ദളിത്, മുസ്ലിം തുടങ്ങിയ പാർശ്വവത്കൃതസമൂഹങ്ങളുടെ ചൂഷണത്തിൽക്കൂടി സാധ്യമാകുന്നതാണ്. ഈയൊരു വ്യവഹാരത്തിന്റെ ചുവടുപിടിച്ച് വ്യത്യസ്തതയുടെ രാഷ്ട്രീയം ഇന്ത്യൻ സാഹചര്യത്തിൽ മുസ്ലിം സ്ത്രീയ്ക്ക് എത്രമാത്രം പ്രായോഗികമാണ്? ദളിത്, മുസ്ലിം സാഹചര്യങ്ങളും ഭരണകൂടവുമായി ഈ രണ്ടു സ്വത്വങ്ങൾക്കുമുള്ള വിഭിന്നങ്ങളായ നിലപാടുകളും കണക്കിലെടുക്കുമ്പോൾതന്നെ മുസ്ലിംസ്ത്രീ എന്നത് മുഖ്യധാരാ ഫെമിനിസത്തിന്റെ വാർപ്പുമാതൃകകൾക്ക് പുറത്താണെന്ന വ്യവഹാരം തിരിച്ചറിയലാണ് ഇവിടെ ലക്ഷ്യമിടുന്നത്.

ആധുനികദേശീയത ദളിത്സ്വത്വത്തിന് പ്രാപ്യമാകുമ്പോൾ ആധുനികതയുടെ ഏകശിലാത്മകമായ നിർവചനങ്ങൾ മുസ്ലിം അസ്തിത്വത്തെ പലപ്പോഴും അപരമായി കാണുന്നുണ്ട്. മതത്തിന്റെ ഘടനാപരമായ വ്യത്യാസങ്ങളും ഇന്ത്യൻ സാഹചര്യത്തിൽ മുസ്ലിം എന്ന അപരസ്വത്വത്തിന്റെ പാർശ്വവത്കരണവും ഇവിടെ വിഷയമാകുന്നു. അതേസമയം മതം, വിശ്വാസം തുടങ്ങിയവയിൽ ഉറച്ചുനില്ക്കുന്ന മുസ്ലിംസ്ത്രീയുടെ അവകാശം, വ്യക്തിത്വം, നിർവാഹകത്വം ഇവയെല്ലാം വ്യത്യസ്തമായ വീക്ഷണകോണിലൂടെ നോക്കിക്കാണേണ്ടവയാണ്. ജോ കാരിലോ എന്ന അമേരിക്കൻ ഫെമിനിസ്റ്റ് ഐക്യപ്പെടൽ എന്ന സങ്കല്പത്തിന്റെ അഭംഗി വിവരിച്ചുകൊണ്ട് എഴുതിയ ഒരു കവിതയാണ് 'അപ്പോൾ നിങ്ങൾ പോകുമ്പോൾ നിങ്ങളുടെ ചിത്രങ്ങളും കൂടെ എടുത്തോളൂ...'

ഞങ്ങളുടെ വെളുത്ത സഹോദരിമാർ
വിപ്ലവസുഹൃത്തുക്കൾ
ഞങ്ങളുടെ ചിത്രം സൂക്ഷിക്കാൻ ഇഷ്ടപ്പെടുന്നു
ഒരു ഫാക്ടറി മെഷീനിന് അടുത്തിരുന്ന്
കത്തി മൂർച്ചകൂട്ടുന്ന,

മഞ്ഞ, ബ്രൗൺ, കറുത്ത, ചുവന്ന നിറങ്ങളിലുള്ള കുട്ടികളെ എടുത്ത്
സാക്ഷരതാ ക്യാംപെയ്നുകളിലെ പുസ്തകങ്ങൾ വായിക്കുന്ന
മെഷീൻഗൺ, കത്തി, ബോംബ്, ബയണറ്റ് തുടങ്ങിയവ പിടിച്ചിട്ടുള്ള
ഞങ്ങളുടെ ചിത്രങ്ങൾ.
ഞങ്ങളുടെ വെളുത്ത സഹോദരിമാർ, വിപ്ലവകാരികൾ
വീണ്ടും ചിന്തിക്കണം
.........
അവരുടെ ചിത്രങ്ങളിലേതു പോലെയല്ലാത്ത
ഞങ്ങളുടെ മുഖങ്ങൾ
ഞങ്ങളുടെ വെളുത്ത സഹോദരിമാർ, വിപ്ലവകാരികൾ
കാണുമ്പോൾ അവർക്ക് ഞങ്ങളെ അത്രയ്ക്കങ്ങ് ഇഷ്ടപ്പെടുന്നില്ല
അവരുടെ ചുവരുകളിൽ തൂങ്ങിക്കിടക്കുന്ന
ചിത്രങ്ങളിലെയത്ര സന്തോഷത്തിലല്ല ഞങ്ങൾ. (കാരിലോ, 282)

ഏകശിലാത്മകമായ ഫെമിനിസത്തിന്റെയും രക്ഷകർതൃമനോഭാവത്തിന്റെയും പോരായ്മകളെയാണ് ജോ കാരിലോ വരച്ചുകാട്ടുന്നത്. ചെറുത്തുനില്പുകളുടെയും പ്രതിരോധത്തിന്റെയും പോരാട്ടത്തിന്റെയും വിസ്തൃതമായ ഒരു ഭൂമികയാണ് മുസ്ലിംഫെമിനിസം പ്രതിനിധാനം ചെയ്യുന്നത്. ഇന്ത്യയിലെ മുസ്ലിംസ്ത്രീ നിലനില്പിനായി ഭരണകൂടത്തോടും പൊതുസമൂഹത്തോടും അതുപോലെത്തന്നെ മതത്തിനുള്ളിലെ വ്യത്യസ്ത നിലപാടുകളോടും നിരന്തരമായി നടത്തുന്ന ഇടപെടലുകൾ അവളുടെ സ്വത്വത്തെ നിർണയിക്കുന്നുണ്ട്. ഇന്ത്യയിലെ മുസ്ലിംസ്ത്രീ എന്നത് ഖുർആനിലൂടെ മാത്രം വ്യാഖ്യാനിക്കപ്പെടേണ്ട ഒരു മതസ്വത്വത്തിന്റെ നിർമിതിയല്ല. മറിച്ച് അവളുടെ ജീവിതരാഷ്ട്രീയ സാഹചര്യങ്ങൾ പലപ്പോഴും ഈ സ്വത്വത്തിൽ ഇടപെടുന്നു. മതഗ്രന്ഥങ്ങളെ നിശ്ചിതവും നിശ്ചലവുമായ നിയമസംഹിതയായി കാണാതെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന മൂല്യങ്ങളുടെ വ്യവഹാരകേന്ദ്രമായി കണക്കാക്കുന്നതാണു നല്ലത്. അതുകൊണ്ടുതന്നെ തങ്ങളുടെ ജീവിതരീതിയ്ക്കനുസരിച്ച് ഭരണകൂടത്തോടും മതത്തോടും സംവദിച്ചുകൊണ്ട് മുസ്ലിംസ്ത്രീ തന്റെ സാഹചര്യങ്ങൾ കെട്ടിപ്പടുക്കുന്നു. ഈയൊരു സംവാദത്തിൽ അന്തർലീനമായ സങ്കീർണതകൾ മതവും ഭരണകൂടവും ചരിത്രവും ചേർന്ന് നിലകൊള്ളുന്ന ഒരു ഭൂമികയുടേതാണ്. ഇവയെല്ലാം ഒന്നുപോലെ ഈ സ്വത്വത്തെ സ്വാധീനിക്കുന്നുണ്ട്. അതേസമയം ഇവയിലോരോന്നിനും ഒറ്റയ്ക്ക് ഉൾക്കൊള്ളാനാകാത്ത ഒരു സ്വത്വവുമാണ് മുസ്ലിംസ്ത്രീയുടേത്.

പുരുഷാധിപത്യത്തിന്റെ ഉൾവഴികൾ

സമുദായത്തിനുള്ളിലെ പുരുഷാധിപത്യത്തെ ചെറുക്കുന്നതിനായി ഓരോ വിഭാഗം സ്ത്രീകളും അവരവരുടേതായ നിലപാടുകൾ സ്വീകരിക്കാറുണ്ട്. ഇവ പലപ്പോഴും സാർവദേശീയമായ ഒരു ധാർമികബോധത്തിൽനിന്നോ അവകാശസമരത്തിൽനിന്നോ ഉടലെടുക്കുന്നല്ല. തങ്ങളുടെ സാഹചര്യങ്ങളും സന്ദർഭങ്ങളും അനുസരിച്ച് ഉയർന്നുവരേണ്ട പ്രതിരോധരീതികളാണ് ഓരോ സ്ത്രീവിഭാഗത്തിന്റേതും. മുസ്ലിംസമുദായത്തിന്റെ ഘടന പലപ്പോഴും പുരുഷമേധാവിത്വപരമെന്ന് വിശേഷിപ്പിക്കപ്പെടാറുണ്ടെങ്കിലും മറ്റു സമുദായങ്ങളുമായി ബന്ധപ്പെട്ടുള്ള താരതമ്യപഠനത്തിൽനിന്നോ വസ്തുനിഷ്ഠമായുള്ള അനുഭവസാക്ഷ്യങ്ങളിൽനിന്നോ ഉടലെടുക്കുന്ന ഒന്നല്ല ഇത്. ചരിത്രപരമായും രാഷ്ട്രീയമായും ഇസ്ലാമിനെ മാറ്റിനിർത്തുന്ന, അപരവത്കരിക്കുന്ന ചില നിർമിതികളുടെ ഭാഗമായി ഉടലെടുക്കുന്ന ഒരു ചിന്താഗതിയാണിത്. അതേസമയം മതത്തിനുള്ളിലെ പൊതു ഇടങ്ങളിൽ മുസ്ലിംസ്ത്രീകൾ രേഖപ്പെടുത്തുന്ന ചെറുത്തുനില്പിന്റെ വിഭിന്നങ്ങളായ ഇടപെടലുകളുടെ അടയാളപ്പെടുത്തലുകൾ ഇത്തരം സംവാദങ്ങൾ കണക്കിലെടുക്കാറില്ല. മുസ്ലിംസ്ത്രീ എന്നത് ഒരു ഇരയാണ് എന്ന യുക്തിയ്ക്കപ്പുറം മറ്റൊന്നും ഇവരുടെ ശ്രദ്ധയാകർഷിക്കാറില്ല. എന്നാൽ മതപരമായ ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ വിശ്വാസത്തെയും പ്രത്യയശാസ്ത്രത്തെയും കൃത്യമായി അംഗീകരിച്ചുകൊണ്ട് വിഭിന്നമായ രാഷ്ട്രീയനിലപാടുകൾ ഇന്നത്തെ മുസ്ലിംസ്ത്രീ സ്വീകരിക്കുന്നുണ്ട്. ഇന്ത്യയിൽ മുസ്ലിം വ്യക്തിനിയമബോർഡ് ഒരു വനിതാ സെൽ രൂപീകരിക്കുന്നതിൽ എത്തിനില്ക്കുന്നത് ഇത്തരം ചെറുത്തുനില്പുകളുടെ അടയാളപ്പെടുത്തൽ കൂടിയാണ്. മാറ്റത്തിന്റെ രാഷ്ട്രീയം പലപ്പോഴും ചരിത്രമുന്നേറ്റങ്ങളുടേതുമാത്രമല്ല നിരന്തരമായ ഇടപെടലുകളേതുംകൂടിയാണ്. ദേശം, ഭാഷ തുടങ്ങിയവയിൽ അധിഷ്ഠിതമായി മുസ്ലിംസ്ത്രീ സ്വീകരിക്കുന്ന നിലപാടുകൾ ഇസ്ലാം എന്ന സ്വത്വത്തിൽ മാത്രം ഒതുങ്ങുന്നതുമല്ല. മുസ്ലിംസ്ത്രീകളുടെ സ്വത്വത്തെ രേഖപ്പെടുത്താൻ മുഖ്യധാരാഫെമിനിസം ഉപയോഗിക്കുന്ന ഒരേയൊരു മേൽവിലാസം മതത്തിന്റേതാണ്. മതത്തിന്റേതല്ലാത്ത പല പ്രവർത്തനമേഖലകളും മുസ്ലിംസ്ത്രീയുടെ സ്വത്വവുമായി സംവദിക്കുന്നുണ്ട്. സർവകലാശാലകളിലും സാമൂഹ്യ, സാംസ്കാരിക മേഖലകളിലും മുസ്ലിംസ്ത്രീ ഇടപെടുന്നത് മതസ്വത്വത്തിൽ മാത്രം ഒതുക്കാവുന്നതല്ല. എന്നാൽ അത് മതസ്വത്വത്തെ നിരാകരിക്കലുമല്ല. ഇത്തരം സന്ധിക്കലുകൾ മുസ്ലിംസ്ത്രീയെ വിഭിന്നയാക്കുന്നു. അവളുടെ രാഷ്ട്രീയത്തിന്റെ ഊടും പാവും ഈ പ്രത്യേകതകളിലാണ്.

ഇവിടെ ശ്രദ്ധിക്കേണ്ടത് മുസ്ലിംസ്ത്രീയെ മതത്തിലെ പുരുഷാധിപത്യത്തിന്റെ ഇരയായിമാത്രം കാണുന്നത് മതത്തിനുള്ളിലെ പൊതുഇടങ്ങളിൽ അവൾ നടത്തുന്ന ചെറുത്തുനില്പുകൾ കണക്കിലെടുക്കാതെയാണ് എന്ന വസ്തുതയാണ്. അതേസമയം മതവിശ്വാസത്തിനു പുറത്തുവന്ന് അതിനെതിരെ പോരാടുമ്പോൾമാത്രം പൊതുസമൂഹം മുസ്ലിംസ്ത്രീയുടെ നിർവാഹകത്വത്തെ അടയാളപ്പെടുത്താൻ തയ്യാറാകുന്നതിലെ വിരോധാഭാസം ശ്രദ്ധിക്കപ്പെടണം. സമുദായത്തിലെ കാർക്കശ്യക്കാരും പൗരോഹിത്യത്തെ പ്രതിനിധാനം ചെയ്യുന്നവരുമായ യാഥാസ്ഥിതിക പുരുഷൻമാർ ഒരുഭാഗത്തും മതത്തിനു പുറത്തുനിന്ന് ഒരു മതേതര, സ്ത്രീവാദ കാഴ്ചപ്പാടിൽ ഇവരെ വെല്ലുവിളിക്കുന്നവർ മറുഭാഗത്തും നില്ക്കുമ്പോൾ ഇത്തരം സംവാദങ്ങളിൽ ഒഴിവാക്കപ്പെടുന്നത് മുസ്ലിംസ്ത്രീയുടെ യാഥാർത്ഥ്യങ്ങളാണ്. മതത്തിനകത്തു നിന്ന് അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്ന സ്ത്രീയെ ഈ കോലാഹലങ്ങൾക്കിടയിൽ പൊതുസമൂഹം ശ്രദ്ധിക്കാറില്ല.

ഇന്റേണൽ പാട്രിയാർക്കി എന്നത് ഫെമിനിസ്റ്റ്സംവാദങ്ങളിൽ ഒരു ഫാഷനായി മാറിയിട്ടുണ്ട്. അതേസമയം പൊതുസമൂഹത്തിൽ മുസ്ലിംപുരുഷന്റെ സ്വത്വത്തെ, അസ്തിത്വത്തെ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്ന സംഗതി പരിഗണിക്കാതെ പുരുഷാധിപത്യത്തെക്കുറിച്ചു സംസാരിക്കുന്നത് രാഷ്ട്രീയമായി ശരിയല്ല. പ്രതിനിധാനത്തിന്റെ രാഷ്ട്രീയം, ഭരണകൂടഭീകരത, സാംസ്കാരികമൂലധനം ഇവയെല്ലാം കണക്കിലെടുക്കാതെ പുരുഷാധിപത്യത്തെക്കുറിച്ചുമാത്രം സംവദിക്കാനാകില്ല. ഷാബാനു, ശായര ബാനു തുടങ്ങിയവരെ പൊതുസമൂഹം ഇരകളായി ഏറ്റെടുക്കുമ്പോൾ മതത്തിന്റെ ചട്ടക്കൂടിൽനിന്നും അവർ നടത്തുന്ന ഇടപെടലുകൾ പുരുഷമേധാവിത്വത്തിന് എതിരെ മാത്രമായി വിലയിരുത്തപ്പെടുന്നു. അതേസമയം അവരുടെ ജീവിതസാഹചര്യങ്ങൾ അടയാളപ്പെടുത്തുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ കാര്യങ്ങളിൽ ഭരണകൂടത്തിന്റെയും മുഖ്യധാരാസമൂഹത്തിന്റെയും പങ്കാളിത്തം മറച്ചുപിടിക്കാൻ ഈ ഇരവത്കരണം സഹായകമാകുന്നു.

### ഇസ്ലാമികഫെമിനിസം: സാധ്യതകൾ, പരിമിതികൾ

സാർവദേശീയമായ ഒരു ഫെമിനിസ്റ്റ് സങ്കല്പത്തിൽനിന്നു മാറിച്ചിന്തിച്ചുകൊണ്ടുമാത്രമേ ഇസ്ലാമികഫെമിനിസം എന്ന സാധ്യത ഇന്ത്യയിൽ പരിശോധിക്കാനാകൂ. ഫെമിനിസത്തിന്റെ തുടക്കഘട്ടങ്ങളിൽ പുനർവായനകളിലൂടെ സ്ത്രീപരിപ്രേക്ഷ്യത്തെ ഉയർത്തിക്കാട്ടാൻ

ശ്രമങ്ങളുണ്ടായിരുന്നു. മതഗ്രന്ഥങ്ങളുടെയും ചരിത്രപുസ്തകങ്ങളുടെയും പുനർവായനകൾ ഇതിലുൾപ്പെടും. പുരുഷാധിപത്യസമൂഹത്തിന്റെ നിർവചനങ്ങളായി പലപ്പോഴും ഇത്തരം പുസ്തകങ്ങൾ വായിക്കപ്പെടുന്നത് പ്രതിരോധിക്കലായിരുന്നു ലക്ഷ്യം. ഇതേരീതിയിലുള്ള വായനകളിൽ ഇസ്ലാമികഫെമിനിസം എന്ന തലക്കെട്ടിൽ നിരവധി ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ആമിന വദൂദിന്റെ ഖുറാൻ പുനർവായന ഉൾപ്പെടെയുള്ള പുസ്തകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. സാർവദേശീയമായ ഒരു മുസ്ലിംസ്ത്രീ സ്വത്വത്തെ വിഭാവനം ചെയ്യുന്നതൊടൊപ്പം കാലം, ദേശം തുടങ്ങിയ രാഷ്ട്രീയത്തെ തീരെ പരിഗണിക്കാതെയുള്ള ഇത്തരം വായനകൾ പലപ്പോഴും ഫലപ്രദമായെന്നുവരില്ല. മുസ്ലിംഫെമിനിസമെന്നത് ഒരു സാർവദേശീയവ്യവഹാരമായി ഉപയോഗിക്കാതെ ചരിത്രപരമായ യാഥാർത്ഥ്യങ്ങളിൽനിന്ന് ഉടലെടുക്കുന്ന ഒരു രാഷ്ട്രീയമായി മാറേണ്ടതുണ്ട്. ഖുറാനിൽ മാത്രം അധിഷ്ഠിതമായി നിർമിക്കപ്പെടുന്നതല്ല മുസ്ലിം സ്ത്രീയുടെ നിർവാഹകത്വം. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ അവളുടെ ന്യൂനപക്ഷാസ്തിത്വം തികച്ചും പ്രാധാന്യമർഹിക്കുന്നുണ്ട്. പുനർവായനകളെയും വിചിന്തനങ്ങളെയും അംഗീകരിക്കുമ്പോൾതന്നെ ഇന്നിന്റെ രാഷ്ട്രീയം ഉൾക്കൊള്ളുന്ന പ്രത്യയശാസ്ത്രമാണ് മുസ്ലിംസ്ത്രീയ്ക്ക് ആവശ്യം. ഇത് വ്യത്യസ്തതയുടെ രാഷ്ട്രീയമാകുന്നതോടൊപ്പം തന്നെ അവകാശം, ചെറുത്തുനില്പ്, അധികാരം എന്നിവയേയും പ്രതിനിധാനം ചെയ്യുന്നു. പാശ്ചാത്യ നവസാമ്രാജ്യത്വത്തിനും നവകോളനീകരണത്തിനും അപരമായി നില്ക്കുന്ന സ്വത്വമാണ് ഇസ്ലാം. അതോടൊപ്പം ഇന്ത്യയിൽ തീവ്രവലതുപക്ഷ ഹിന്ദുത്വത്തിന്റെ കടന്നുകയറ്റങ്ങൾക്ക് ഏറ്റവും വിധേയരാകുന്ന ഒരു വിഭാഗവുമാണ്. സ്ത്രീസ്വാതന്ത്ര്യം, വസ്ത്രസ്വാതന്ത്ര്യം തുടങ്ങി ലഘൂകരിക്കപ്പെട്ട പാശ്ചാത്യ-വൈറ്റ് ഫെമിനിസത്തിന്റെ മറുപുറത്ത് അപരവത്കരിക്കപ്പെട്ട സ്ത്രീസ്വത്വവും മുസ്ലിംസ്ത്രീയുടേതാണ്. ഇത്തരം കുട്ടിമുട്ടലുകളിൽ നിന്നുരുവാകുന്ന ഒരു രാഷ്ട്രീയമാണ് വ്യത്യസ്തതയുടെ ഈ സ്ത്രീവാദം.

റഫറൻസ്:

1. Carrillo, Jo. ‘And When You Leave, Take Your Pictures With You’ in Women Imagine Change. Ed. Eugenia Delamotte et al. London: Routledge, 1997.

2. Bell Hooks. Feminism is for Everybody: Passionate Politics. https://excoradfeminisms.files.wordpress.com/2010/03/bell_hooks-feminism_is_for_everybody.pdf